അനുവദിച്ചു. ആയതിൽ 759 കേസ്സുകളിൽ 2,07,76,046 രൂപ നഷ്ടപരിഹാരം നൽകിക്കഴിഞ്ഞു. ബാക്കി 34 പേർക്കായി 3,49,384 (മൂന്നു ലക്ഷത്തി നാല്പത്തി ഒൻപതിനായിരത്തി മുന്നൂറ്റി എൺപത്തി നാല്) രൂപ കൊടുക്കാനുണ്ട്. കക്ഷികൾക്ക് നോട്ടീസ് കൊടുത്തിട്ടും ശരിയായ രേഖകൾ ഹാജരാകാത്തതുകാരണമാണ് പണം വിതരണം ചെയ്യാൻ ബാക്കി നിൽക്കുന്നത്. ശരിയായ രേഖകൾ ഹാജരാക്കുന്ന അവസരത്തിൽ ശേഷിക്കുന്ന തുക വിതരണം ചെയ്യുന്നതാണ്. ചെറുപുഴ 110 കെ.വി. സബ്സ്റ്റേഷനുവേണ്ടി ലൈൻ നിർമ്മാണാർത്ഥം മരം മുറിച്ചത് 1998 മേയ് മാസത്തിലാണ്. 1999 മെയ് മാസത്തിൽ തന്നെ അവാർഡ് എൻക്വയറി പൂർത്തിയാക്കിയിട്ടുണ്ട്. കഴിവതും വേഗം നഷ്ടപരിഹാര തുക വിതരണം ചെയ്യുന്നതാണ്.

129 (3312) വൃക്ഷങ്ങൾ മുറിച്ചുമാറ്റിയതിന് നഷ്ടപരിഹാരം

ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുമല തൃക്കണ്ണാപുരം ഭാഗത്ത് മുക്കുന്നിമലയിലെ റഡാർ സ്റ്റേഷനിലേയ്ക്കുള്ള 11 കെ.വി. ലൈനിനുവേണ്ടി 1993 വർഷത്തിൽ വൃക്ഷങ്ങൾ മുറിച്ച് മാറ്റിയതിന് നഷ്ടപരിഹാരം നൽകിയിരുന്നോ; എങ്കിൽ ഇനിയും ആർക്കെങ്കിലും നഷ്ടപരിഹാരം നൽകാനുണ്ടോ;

(ബി) എങ്കിൽ ഇതുവരെയും കൊടുക്കാതിരുന്നതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) ആകെയുള്ള 137 കക്ഷികളിൽ 71 കക്ഷികൾക്ക് നഷ്ടപരിഹാരതുക നൽകുവാനുള്ള നടപടിക്രമങ്ങൾ പൂർത്തിയായി വരുന്നു. കഴിവതും വേഗം തുക നൽകുന്നതാണ്. ബാക്കിയുള്ള 66 കേസ്സുകളിൽ സ്ഥലമുടമകൾ മതിയായ രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ നഷ്ടപരിഹാര തുക നൽകാൻ കഴിഞ്ഞിട്ടില്ല.

130 (3313) ഇലക്ട്രിക് കമ്പി പൊട്ടി വീണു ഷോക്കേറ്റത് സംബന്ധിച്ച് നഷ്ടപരിഹാരം

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാട്ടാക്കട ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിന്റെ പരിധിയിൽ വരുന്ന ഒറ്റശേഖരമംഗലം വാളിക്കോട് പിരമ്പിൻകുഴി വീട്ടിൽ എൻ. ജോർജ് എന്ന ആളിന് 23-10-98-ൽ ഇലക്ട്രിക് കമ്പി പൊട്ടിവീണു കിടന്നതിൽ നിന്നും ഷോക്കേറ്റ് ആശുപത്രിയിൽ കിടന്നതു സംബന്ധിച്ച് നഷ്ടപരിഹാരം ആവശ്യപ്പെട്ട് നൽകിയ പരാതിയിൻമേൽ എന്തു നടപടി സ്വീകരിച്ചെന്നു വ്യക്തമാക്കുമോ;

(ബി) പരാതിക്കാരന് നഷ്ടപരിഹാരതുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തുക അനുവദിച്ചു;

LIBRARY ARCHIVES Kerala Legislative Assembly